I ഇ.ബി. XIV - കേരള നിയമസഭ/I-9

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 11, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അറിയിപ്പ്**

ഗവർണ്ണറുടെ സന്ദേശം

2016 ജൂൺ 30-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**II ശ്രദ്ധക്ഷണിക്കൽ**

## (1) തീരദേശ പരിപാലന വിജ്ഞാപനം

ശ്രീ. കെ. ദാസൻ: കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച തീരദേശ പരിപാലന വിജ്ഞാപനപ്രകാരമുള്ള നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് കോസ്റ്റൽ തീരദേശ പാക്കേജും കോസ്റ്റൽ മാനേജ്മെന്റ് പ്ലാനും നടപ്പിലാക്കുന്നതിനും മത്സ്യത്തൊഴിലാളികൾ കാലാകാലങ്ങളായി കൈവശം വച്ചുപോരുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിക്കണം. ഇത്തരത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണം സംസ്ഥാന സർക്കാരിന്റെ അധികാരത്തിന്മേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ കടന്നുകയറ്റവും ഭരണഘടനാ ലംഘനവുമാണ്. മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന സി.ആർ.ഇസഡ്. 2, 3 സോണുകളിലെ ഭവനനിർമ്മാണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം പിൻവലിക്കുന്നതിനും നിർമ്മാണം പൂർത്തീകരിച്ച വീടുകൾക്ക് നമ്പരും ഇലക്ട്രിസിറ്റി കണക്ഷനും ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അഖിലേന്ത്യാ തലത്തിൽ കോസ്റ്റൽ റഗുലേഷൻ സോൺ 1,2,3,4 എന്നീ വിഭാഗങ്ങളായാണ് തീരദേശ പ്രദേശങ്ങളെ തരംതിരിച്ചിട്ടുള്ളതെങ്കിലും കേരളം ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളുടെ

സാഹചര്യം കണക്കിലെടുത്ത് വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള തീരദേശ പരിപാലന വിജ്ഞാപനത്തിലൂടെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് സി.ആർ.ഇസഡ് വിജ്ഞാപനത്തിൽ ആവശ്യമായ ഇളവുകൾ അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കടലോര - പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി താമസിക്കുന്നവർക്ക് വീട്, ടോയ്‌ലറ്റ്, മത്സ്യബന്ധനോപാധികൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകണമെന്നും നിർമ്മാണരഹിതമേഖലയായി പ്രഖ്യാപിച്ചുകൊണ്ടുള്ള സി.ആർ.ഇസഡ്-ന്റെ നിയന്ത്രണം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തദ്ദേശവാസികളുടെ വീടുകൾ പുനർനിർമ്മിക്കുമ്പോൾ നിലവിലെ വ്യവസ്ഥകളിൽ മാറ്റംവരുത്തണമെന്നും കായൽ ദ്വീപുകളിൽ അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീടു നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്നും സി.ആർ.ഇസഡ് 3-ലെ നിർമ്മാണ നിയന്ത്രണങ്ങളിൽ മാറ്റംവരുത്തണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുന്നതോടൊപ്പം തീരദേശ പ്രദേശത്ത് കാലാകാലങ്ങളായി താമസിക്കുന്ന

മത്സ്യത്തൊഴിലാളികൾക്ക് പട്ടയവും വീട്ടുനമ്പറും ഇലക്ട്രിസിറ്റി കണക്ഷനും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(2) ജലസ്രോതസ്സുകളുടെ സംരക്ഷണം

ശ്രീ. എ. പി. അനിൽ കുമാർ: മാർച്ച് - ഏപ്രിൽ മാസങ്ങളിൽ കേരളത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ശുദ്ധജല വിതരണപദ്ധതികളിലൂടെ ആവശ്യാനുസരണം ശുദ്ധജലമെത്തിക്കാനുള്ള നടപടി സ്വീകരിക്കണം. പുഴകളിൽ തടയണകൾ നിർമ്മിച്ചും ജലാശയങ്ങൾ സംരക്ഷിച്ചും കുളങ്ങൾ നവീകരിച്ചും ജലസമ്പത്ത് നിലനിർത്തണം. ജനകീയ കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുത്തുകൊണ്ട് ശുദ്ധ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഓരോ പഞ്ചായത്തിലും ഒരു ജലാശയമെങ്കിലും പുതുതായി നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു റ്റി. തോമസ്): നദികളിലെ നീരൊഴുക്ക് പുനഃസ്ഥാപിക്കുക, കാലവർഷങ്ങളിൽ ലഭിക്കുന്ന മഴവെള്ളം സംഭരിക്കുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതികാവശ്യങ്ങൾക്കും വേണ്ട ജലം ലഭ്യമാക്കുക എന്നിവ ജലവിഭവ വകുപ്പിന്റെ ലക്ഷ്യങ്ങളാണ്. ജലസേചന - ഭൂജല വകുപ്പുകളും ജല അതോറിറ്റിയും

ജലനിധിയും അതിനായി പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. കഴിഞ്ഞ ഗവൺമെന്റ് പൂർത്തിയാക്കാത്ത തടയണകൾ പൂർത്തീകരിക്കുന്നതിനും വിവിധ ഘട്ടങ്ങളിലായി പണി നടന്നുകൊണ്ടിരിക്കുന്ന പമ്പിംഗ് സ്റ്റേഷനുകളിൽ ജലം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. മഴവെള്ള സംഭരണികളോടൊപ്പം മഴക്കുഴികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽപ്പെടുത്തി ജലസ്രോതസ്സുകളുടെയും കുളങ്ങളുടെയും കിണറുകളുടെയും സംരക്ഷണത്തിനും ചെക്ക് ഡാമുകളുടേയും തടയണകളുടേയും നിർമ്മാണത്തിനും ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള ജനകീയ കൂട്ടായ്മയിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കുന്നതാണ്.

## III <u>സബ്മിഷൻ</u>

### (1) <u>ഐ.എസ്. റിക്രൂട്ട്മെന്റ്</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വശ്രീ ഒ. രാജഗോപാൽ, പി. ടി. തോമസ്, എം. രാജഗോപാലൻ എന്നിവരും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കേരളത്തിൽനിന്നും 19 പേർ ഐ.എസ് ക്യാമ്പിൽ എത്തി എന്ന വാർത്ത അതീവ ഗൗരവത്തോടെ

കാണേണ്ട വിഷയമാണ്. ലോകത്തിന്റെ പലഭാഗത്തും ഐ.എസ്. ഉയർത്തുന്ന അക്രമപ്രവർത്തനങ്ങൾ തികച്ചും ആശങ്കാജനകമാണ്. സംസ്ഥാനത്ത് ധാരാളം മിസ്സിംഗ് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇവരെല്ലാവരും ഐ.എസ്.-ൽ ചേർന്നതാണെന്ന് പറയാൻ കഴിയില്ല. കേരളത്തിൽനിന്നും വിദേശത്ത് പോയ ചിലർ ഐ.എസ്.-ൽ ചേർന്നുവെന്ന വിവരം ലഭിച്ചിരുന്നു. തീവ്രവാദം ഏത് രീതിയിലാണെങ്കിലും അതിനെ എതിർക്കപ്പെടേണ്ടതാണ്. മതേതര വിശ്വാസികളും രാഷ്ട്രീയ കക്ഷികളും സംഘടനകളും വ്യക്തികളും ഇതിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്നുള്ളത് ആശ്വാസകരമാണ്. ആഭ്യന്തര സുരക്ഷിതത്വം ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന ഇന്റലിജൻസ് ഏജൻസികൾ കോ-ഓർഡിനേറ്റ് ചെയ്ത് ഇത്തരം പ്രവർത്തനങ്ങൾ തടയണം. ആഭ്യന്തര വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന മുഖ്യമന്ത്രിക്ക് എല്ലാ കാര്യങ്ങളും പുറത്തുപറയാൻ കഴിയില്ലെങ്കിലും പലവിധ അഭ്യൂഹങ്ങളും വാർത്തകളും പുറത്തുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഷെയർ ചെയ്യാവുന്ന വിവരങ്ങൾ സഭയെ അറിയിക്കണം. നാട്ടിൽ നടക്കുന്ന എല്ലാ മിസ്സിംഗ് കേസ്സുകളും ഐ.എസുമായി ബന്ധപ്പെട്ടതാണെന്ന് പറയാൻ കഴിയില്ല. ഇ-മെയിൽ, വാട്സ് ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങളിലൂടെ ഇത്തരത്തിലുള്ള ധാരാളം

വാർത്തകൾ പ്രചരിക്കുന്നതിന്റെ ഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. സമാധാനാന്തരീക്ഷവും മതസൗഹാർദ്ദവും നിലനിൽക്കുകയും പുരോഗമന ആശയങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്യുന്ന കേരളത്തിൽ ഇങ്ങനെ ഒരു സംഭവം ഉണ്ടാകുന്നു എന്നുള്ള വാർത്തതന്നെ അതീവ ഗുരുതരമായതാണ്. അത് തടയുവാനും ഇതിന്റെ യഥാർത്ഥ വസ്തുത ജനങ്ങളെ ബോധ്യപ്പെടുത്താനും ശക്തമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകണം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: നേമം നിയോജകമണ്ഡലത്തിലെ ആറ്റുകാൽ ക്ഷേത്രത്തിനടുത്തുള്ള വീട്ടിലെ ട്രസ്റ്റിയുടെ ഏക മകൾ കാസർഗോഡ് ദന്തൽ കോളേജിൽ പഠിക്കുന്ന അവസരത്തിൽ ആ കുട്ടിയെ മതംമാറ്റി അവിടെനിന്ന് കൊണ്ടുപോയിയെന്ന് വീട്ടുകാർക്ക് വിവരം ലഭിച്ചതിനെത്തുടർന്ന് വീട്ടുകാർ പോലീസ് അധികാരികളെ വിവരം അറിയിച്ചെങ്കിലും യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഏത് മതം സ്വീകരിക്കാനും ആരെ വേണമെങ്കിലും വിവാഹം കഴിക്കാനുമുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകണം. എന്നാൽ ഇന്ത്യയെ ശത്രുവായി കണക്കാക്കുന്ന ഐ.എസ്.-ൽ പങ്കുചേർന്ന് പോരാടാനുള്ള സാഹചര്യത്തിന് തടയിടാൻ വേണ്ടി ശക്തമായ നിലപാടെടുക്കാൻ

സർക്കാർ തയ്യാറാകണം.

ശ്രീ. പി. ടി. തോമസ്: എന്റെ നിയോജകമണ്ഡലത്തിലെ തമ്മനം പ്രദേശത്തുള്ള ഒരു പെൺകുട്ടിയും ഇതുപോലുള്ള സംഘത്തിൽ അകപ്പെട്ടതായി അറിയാൻ കഴിഞ്ഞു. ഈ കുട്ടി മുംബൈയിൽ ജോലി ചെയ്യുന്ന അവസരത്തിൽ ഇസ്ലാമിക് റിസർച്ച് ഫൗണ്ടേഷൻ എന്ന സ്ഥാപനവുമായി ബന്ധപ്പെടുകയും അന്ധേരിയിലുള്ള ഒരു ബിൽഡിംഗിൽ നിരന്തരമായി കുറെ ആളുകൾ ഒത്തുചേർന്ന് ചർച്ചകളും ക്ലാസ്സുകളുമൊക്കെ നടത്തുന്നതായും അറിയാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കേരള സമൂഹത്തിൽ ഇന്ന് ഉണ്ടായിരിക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തിന് അറുതി വരുത്തണം. ഒരു മതേതര സമൂഹത്തിൽ മത തീവ്രവാദം ആളിപ്പടരുന്നതിനെതിരെ സ്കൂൾ തലം മുതൽ വ്യാപകമായ പ്രചരണങ്ങൾ ആരംഭിക്കാൻ ശക്തമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ഇതോടനുബന്ധിച്ച് ഉണ്ടാകണം.

ശ്രീ. എം. രാജഗോപാലൻ: എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂരിൽ പടന്ന-തൃക്കരിപ്പൂർ പഞ്ചായത്തുകളിൽനിന്ന് മൂന്ന് കുടുംബങ്ങളിൽനിന്നായി 3 സ്ത്രീകളും രണ്ട് കുട്ടികളും ഉൾപ്പെടെ 13 പേരെ കാണാതായിട്ടുണ്ട്. വിദ്യാസമ്പന്നരായ ടെക്നോക്രാറ്റുകളും ഡോക്ടർമാരും ഉൾപ്പെടുന്നവരാണിവർ.

ഇതുമായി ബന്ധപ്പെട്ട് വളരെ ഭീതിജനകമായിട്ടുള്ള വാർത്തകളാണ് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് മതസ്പർദ്ധ വളർത്താൻ ഇടയാക്കുമെന്നതിനാൽ ഇതിനെതിരെ ജാഗ്രത പാലിക്കാൻ കഴിയണം. ഇതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താനുള്ള ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിൽനിന്നും ചില യുവതീ/യുവാക്കൾ ഐ.എസ്.-ൽ ചേരുന്നതിനായി സിറിയയിലും അഫ്ഗാനിസ്ഥാനിലുമുള്ള ഐ.എസ്. ക്യാമ്പുകളിൽ എത്തിയിട്ടുള്ളതായി സംശയിക്കുന്ന വാർത്തകൾ പുറത്തുവന്നിട്ടുണ്ട്. കാസർഗോഡ്, പാലക്കാട് ജില്ലകളിൽനിന്ന് 21 പേരെ കാണാതായിട്ടുണ്ടെന്നാണ് പ്രാഥമിക അന്വേഷണത്തിൽനിന്നും വ്യക്തമായിട്ടുള്ളത്. കാസർഗോഡ് ജില്ലയിൽനിന്നും കാണാതായ ഫിറോസ് എന്ന ചെറുപ്പക്കാരനെ മുംബൈ എയർപോർട്ടിൽവച്ച് കണ്ടെത്തിയതായി അറിയാൻ കഴിഞ്ഞു. ഭീകരപ്രവർത്തനവും തീവ്രവാദവും ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. ഇത്തരം പ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ മുസ്ലീം ജനവിഭാഗത്തെയാകെ സംശയത്തിന്റെ പുകമറയിൽ നിർത്തുന്നതിനുള്ള ശ്രമമുണ്ടായി. എന്നാൽ അതിൽ മഹാഭൂരിപക്ഷവും തീവ്രവാദത്തെയും

ഭീകരവാദത്തെയും എതിർക്കുന്നവരാണ്. ഭീകരവാദത്തിനും തീവ്രവാദത്തിനുമെതിരെ നിലകൊള്ളുന്ന സംസ്ഥാനമായ കേരളത്തിൽ ചെറിയൊരു വിഭാഗം ഇത്തരം പ്രവണത കാണിക്കുന്നത് നാം ഗൗരവമായി കാണണം. ജനങ്ങളൊന്നാകെ അണിനിരന്നാൽ മാത്രമേ ഇത് പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കൂ. ഇത്തരം പ്രവണതകളെ അതീവ ഗൗരവമായി കണ്ട് കേന്ദ്ര ഏജൻസികളെയടക്കം യോജിപ്പിച്ചുകൊണ്ടുള്ള വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

(2) <u>ദുരിതാശ്വാസ നിധി കുടിശ്ശിക</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുകയുടെ കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ധനസഹായം മുഴുവൻ കൊടുത്ത് തീർത്തിട്ടില്ല. ഈ സർക്കാർ വിവിധ ജില്ലകൾക്കായി 36,58,00,000 രൂപയും ഒൻപതിനായിരത്തിൽപ്പരം അപേക്ഷകർക്ക് 7,20,00,000 ത്തിലധികം രൂപയും അനുവദിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ

അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ധനകാര്യ വകുപ്പാണ് ഫണ്ട് അനുവദിക്കുന്നത്. പൊതുജനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന തുക അപര്യാപ്തമായതിനാൽ സർക്കാരിൽനിന്നുള്ള സംഭാവനയെ ആശ്രയിച്ചാണ് ജില്ലാ കളക്ടർമാർക്കും മറ്റും ധനസഹായ വിതരണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നത്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 16 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേരിൽ അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പാവപ്പെട്ട രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

(3) <u>ഭൂമി കൈമാറ്റം</u>

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : എറണാകുളം കടവന്ത്രയിലുള്ള സിഡ്കോയുടെ 5.13 ഏക്കർ ഭൂമി ഭീമാ ജ്വവലേഴ്സിന് കൈമാറുന്നതിനുള്ള തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>) : എറണാകുളം കടവന്ത്രയിൽ സെന്റിന് 50 ലക്ഷം രൂപ വിലവരുന്ന 5.13 ഏക്കർ

സ്ഥലത്ത് ഇൻഫ്രാസ്ട്രക്ച്ചർ ഹബ്ബ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 6.3.2013-ന് സിഡ്കോ ഡയറക്ടർ ബോർഡ് അംഗീകരിക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. ഭീമ ജ്വവലേഴ്സ്, ഗ്രീൻ ടി.വി. പൂജപ്പുര എന്നീ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ഭീമ ജ്വവലേഴ്സിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ കോടിക്കണക്കിന് രൂപ വില വരുന്ന സിഡ്കോയുടെ ഭൂമി തുച്ഛമായ വിലയ്ക്ക് സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിനുള്ള തെറ്റായ നടപടി സ്വീകരിച്ചതായും ഇ-ടെണ്ടറിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളും വളരെ അടുത്ത ബിസിനസ് ബന്ധമുള്ളവരാണെന്നും കണ്ടെത്തിയിരുന്നു. സർക്കാർ നിർദ്ദേശമനുസരിച്ചുള്ള ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയോ പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല. 12.5 കോടി രൂപ ടെണ്ടർ തുകയായും 1.23 കോടി രൂപ പ്രതിമാസ വാടകയിനത്തിലും നൽകണമെന്നുള്ള വ്യവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കരാർ അടിയന്തരമായി റദ്ദ് ചെയ്യുകയുണ്ടായി. കരാറുകാരിൽ നിന്നും മുൻകൂറായി വാങ്ങിയ 50 ലക്ഷം രൂപ തിരിച്ചുകൊടുക്കാനും ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ

വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വിജിലൻസ് അന്വേഷണം നടത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(4) കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

ശ്രീ. പി. ഉണ്ണി : കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : രാജസ്ഥാനിലെ കോട്ട ആസ്ഥാനമായുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ലാഭകരമായും രാജസ്ഥാൻ യൂണിറ്റ് നഷ്ടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് യൂണിറ്റിനെ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-മായി ബന്ധപ്പെടുത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ട് കേന്ദ്ര ഖന വ്യവസായ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് സർക്കാർ ഏറ്റെടുക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ പഠന റിപ്പോർട്ട് വിലയിരുത്തി കമ്പനി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ മാസം 16-ാം തീയതി ചേരുന്ന എം.പി.-മാരുടെ

യോഗത്തിൽ പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(5) കുടിവെള്ളക്ഷാമം

ശ്രീ. പി. കെ. ശശി : ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ മുൻസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതോടൊപ്പം ചെർപ്പുളശ്ശേരിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനായി തൂതപ്പുഴയിൽ തടയണ നിർമ്മിക്കാനാവശ്യമായ ഫണ്ടും അനുവദിക്കണം.

ജലവിഭവ വകുപ്പുമന്ത്രി ( ശ്രീ. മാത്യു റ്റി. തോമസ്) : 2008-ൽ കരാർ ഉടമ്പടി ചെയ്ത് തടയണ നിർമ്മാണ പ്രവൃത്തിയുടെ 25 ശതമാനം പൂർത്തീകരിച്ചെങ്കിലും കരാറുകാരന്റെ മരണംമൂലവും കരാറുകാരന്റെ അനന്തരാവകാശി പ്രവൃത്തി തുടരാൻ വിസ്സമ്മതിച്ചതിനാലും കരാർ റദ്ദു ചെയ്യേണ്ടിവന്നു. നദിയുടെ അടിവശത്ത് ഇളകിയ മണലുണ്ടെന്ന കാരണത്താൽ നേരത്തെ തയ്യാറാക്കിയ ഡിസൈനിൽ മാറ്റം വരുത്തി നൂതന സാങ്കേതികവിദ്യകളുപയോഗിച്ചുകൊണ്ട് പൈലിംഗ് നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആലിപ്പറമ്പ് പഞ്ചായത്തിൽ തൂതപ്പുഴയ്ക്കു കുറുകെ തടയണ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ

പദ്ധതി നടപ്പായാൽ ചെർപ്പുളശ്ശേരി മുൻസിപ്പാലിറ്റിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കുമുള്ള കുടിവെള്ള പദ്ധതിക്കും ആലിപ്പറമ്പ് പഞ്ചായത്തിലെ ജലനിധി കുടിവെള്ള പദ്ധതിക്കും ഗുണകരമാകും.

(6) കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അപ്ഗ്രഡേഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ : പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ അപ്ഗ്രേഡ് ചെയ്ത് അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിനെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(7) വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ പരിശോധന

ശ്രീ. ഹൈബി ഈഡൻ : പോലീസ്, ഗതാഗതം, വിദ്യാഭ്യാസം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് കാലപ്പഴക്കംചെന്ന വാഹനങ്ങളിലും സ്കൂൾ ബസ്സുകളിലും കുട്ടികളെ കൊണ്ടുപോകുന്നതും അശ്രദ്ധമായ യാത്രമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): നിലവിലുള്ള നിബന്ധനകൾ പാലിക്കാതെ വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന വാഹനങ്ങളെ കർശനമായി നിരീക്ഷിക്കാനും നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കാനുമുള്ള നിർദ്ദേശം മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്. സ്കൂൾ അധികൃതർക്കും രക്ഷിതാക്കൾക്കും ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്.

(8) നാളികേര കോംപ്ലക്സ്

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ-മാമം നാളികേര കോംപ്ലക്സ് പ്രവർത്തനസജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : ആറ്റിങ്ങൽ-മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കൽ

ശ്രീ. പി. ഉബൈദുള്ള :മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ

എല്ലാ വിദ്യാർത്ഥികൾക്കും തുടർ പഠനത്തിനായി പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഈ വർഷം എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധന അനുദിച്ചതോടെ മലപ്പുറം ജില്ലയിൽ 59926 പ്ലസ് വൺ സീറ്റുകൾ ലഭ്യമായിട്ടുണ്ട്. ഏകജാലക സംവിധാനത്തിലൂടെ ആകെയുള്ള 39397 മെറിറ്റ് സീറ്റുകളിൽ 34845 പേർക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. മൂന്നാംഘട്ട അലോട്ട്മെന്റിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഹയർ സെക്കണ്ടറി സീറ്റുകൾക്കുപുറമെ വി.എച്ച്.എസ്.സി, ഐ.റ്റി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിലെ സീറ്റുകളുൾപ്പെടെ മലപ്പുറം ജില്ലയിൽ 68615 സീറ്റുകൾ ഈ വർഷം ഉപരിപഠനത്തിനായി ലഭ്യമാണ്. അലോട്ട്മെന്റുകൾ പൂർത്തിയായശേഷം വസ്തുതകൾ പരിശോധിക്കുന്നതാണ്.

(10) എം. രാജേഷിന്റെ കുടുംബത്തിന് സഹായം

ശ്രീ. രാജു എബ്രഹാം: പാമ്പുകടിയേറ്റു മരിച്ച എം. രാജേഷിന്റെ കുടുംബത്തിന് ധനസഹായവും ഭാര്യക്ക് ജോലിയും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചവരുടെ ആശ്രിതർക്ക് നൽകുന്ന

ധനസഹായമായ ഒരു ലക്ഷം രൂപ എം. രാജേഷിന്റെ കുടുംബത്തിന് നൽകുന്നതിനുള്ള ഉത്തരവ് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽവച്ച് വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായമായ 5 ലക്ഷം രൂപയും പരേതന്റെ ഭാര്യക്ക് വനം വകുപ്പിന്റെ കോട്ടയം ഡിവിഷണൽ ഓഫീസിൽ താൽക്കാലിക ജോലിയും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3 (1), (2) ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII ക്രമപ്രശ്നം

(1) ചോദ്യോത്തരത്തിലെയും ധവളപത്രത്തിലെയും പരാമർശത്തിലെ വൈരുദ്ധ്യം

ശ്രീ. വി. ഡി. സതീശൻ: എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 25 ശതമാനം മാത്രമുണ്ടായിരുന്ന നോൺ ടാക്സ് റവന്യൂ എക്സ്പെൻഡീച്ചർ 30 ശതമാനമായി വർദ്ധിച്ചു എന്ന് ചോദ്യോത്തര വേളയിൽ മറുപടി നൽകുകയും അതിന് കടകവിരുദ്ധമായ നിലയിൽ ധവളപത്രത്തിൽ രേഖപ്പെടുത്തുകയും ചെയ്തത് സംബന്ധിച്ച് വ്യക്തമാക്കണം.

(2) ഗവർണ്ണറുടെ മുൻകൂർ അനുമതി വാങ്ങുന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: ആർട്ടിക്കിൾ 203 (3) പ്രകാരം സഞ്ചിത നിധിയിൽപ്പെടാത്ത ചെലവുകളെ സംബന്ധിച്ച് ഗവർണ്ണറുടെ ശിപാർശ വാങ്ങാതെ ചർച്ച ചെയ്യാൻ പാടില്ലെന്നിരിക്കെ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 45 ഖണ്ഡികകളിലായി 26,665 കോടി രൂപ ഓരോ ചെലവുകൾക്കായി പ്രഖ്യാപിച്ചിരിക്കുകയാണ്. ആയതിനാൽ ഭരണഘടനാവിരുദ്ധമായ ഇത്തരം കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാൻ പാടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ആർട്ടിക്കിൾ 203 (3) പ്രകാരം 23.06.2016-ന് ഗവർണ്ണറിൽനിന്നും Annual Financial Statement സമർപ്പിക്കുന്നതിനുള്ള മുൻകൂർ അനുവാദം വാങ്ങുകയും

ഇതുസംബന്ധിച്ച കണക്കുകൾ Alteration Memorandum -ൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. സഞ്ചിതനിധിയിൽ നിന്നുള്ള ചെലവുകൾക്ക് ഇത്ര കോടി രൂപ വകയിരുത്തുന്നുവെന്നും ബാക്കിയുള്ളവയ്ക്ക് പ്രത്യേക പദ്ധതിയിൽനിന്നും തുക നീക്കിവയ്ക്കുന്നു എന്നും പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ സഞ്ചിതനിധിയിൽനിന്നുമല്ല തുക ചെലവാക്കുന്നത്. ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച പ്രശ്നത്തിന്മേൽ സാങ്കേതികമായി കണക്കുകൾ തമ്മിൽ യാതൊരു വൈരുദ്ധ്യവും ഇല്ല. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കത്തക്കതല്ല.

<u>മി. സ്പീക്കർ</u>: ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VIII **ധനകാര്യം**

### <u>2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പുതുക്കിയ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. ജനങ്ങൾക്ക് സർക്കാരിലുള്ള പ്രതീക്ഷ സാക്ഷാത്ക്കരിക്കാൻ ഉതകുന്ന തീരുമാനങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. അഞ്ചുവർഷംകൊണ്ട് സാമ്പത്തിക വളർച്ച ത്വരിതപ്പെടണമെങ്കിൽ വൻതോതിലുള്ള നിക്ഷേപം അനിവാര്യമായിരിക്കെ

നികുതി പിരിവിലൂടെയും റവന്യൂ വരുമാന വർദ്ധനവിലൂടെയും മാത്രം വികസിത ക്ഷേമ കേരളമെന്ന ലക്ഷ്യം നേടാനാകില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടാണ് മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിനും അതിനാവശ്യമായ ഭൂമിയേറ്റെടുക്കുന്നതിനുമായി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. നികുതി പിരിവിൽ വൻകുറവും ഭൂമാഫിയകളെ സഹായിക്കലും വ്യാജ പട്ടയം നൽകലും നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ അന്ത:സത്ത തകർക്കലും കർഷകർക്ക് ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കലും കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയും കർഷക ആത്മഹത്യയും അഴിമതിയുമായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നേട്ടങ്ങൾ. ഭരണം അവസാനിപ്പിക്കുമ്പോൾ ട്രഷറിയിൽ 173 കോടി രൂപയുടെ കമ്മിയാണ് യു.ഡി.എഫ്. ഗവൺമെന്റ് അവശേഷിപ്പിച്ചത്. സാമ്പത്തിക ദൃഢീകരണമാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. അടിസ്ഥാന മേഖലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും കാർഷികോത്പ്പന്നങ്ങൾക്ക് താങ്ങുവില വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനവും എല്ലാ നിയോജകമണ്ഡലങ്ങളിലും അന്തർദേശീയ നിലവാരമുള്ള സ്കൂളുകൾ ആരംഭിക്കുന്നതിനുവേണ്ടി തുക മാറ്റിവച്ചതും പുതിയ സ്രോതസ്സുകളിൽ നിന്ന് നികുതി

വരുമാനം കണ്ടെത്താനും നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. ചിറയിൻകീഴ് മണ്ഡലത്തിലെ പെരുമാതുറ-താഴംപുള്ളി-കഠിനംകുളം കായൽ, അഞ്ചുതെങ്ങ് കായൽ, കായിക്കര എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്ര ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിന് 10 കോടി രൂപയും ചിറയിൻകീഴ് മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന ദേശീയപാത ഒഴികെയുള്ള റോഡുകൾ ബി.എം ആന്റ് ബി.സി സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി 15 കോടി രൂപയും പ്രേംനസീർ ഫിലിം സ്ക്വയർ എന്ന പേരിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാൻ 50 ലക്ഷം രൂപയും കായിക്കരയും വക്കവും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പാലം പണിയുന്നതിന് 50 കോടി രൂപയും കടൽക്ഷോഭം നേരിടുന്ന അഞ്ചുതെങ്ങ്, പൂത്തുറ, താഴംപള്ളി പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 25 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തണം. റീ-സർവ്വെ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൈത്തറി, ഖാദി വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സെയിൽസ് ടാക്സ് പിൻവലിക്കാനും കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. ഭൂരഹിതരായ ആദിവാസികൾക്ക് ഒരേക്കർ ഭൂമി നൽകാമെന്ന പ്രഖ്യാപനത്തെ സ്വാഗതം

ചെയ്യുന്നതോടൊപ്പം ആദിവാസികളുടെ ഭൂപ്രശ്നം പരിഹരിക്കുന്നതിനായി സത്വര നിയമനിർമ്മാണവും നടത്തണം. ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്ഷേമത്തിന് ഊന്നൽ കൊടുക്കുന്ന നടപടികൾ ആസൂത്രണം ചെയ്യണം. പട്ടയം ലഭിച്ചിട്ടും ഉടമസ്ഥാവകാശം ലഭിക്കാത്ത പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിനും പട്ടികവിഭാഗ വികസന ഫണ്ട് ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും പദ്ധതിവിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനോന്മുഖമായ കാഴ്ചപ്പാടുകൾക്കാണ് ഈ ബഡ്ജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. ജനപക്ഷ ബദൽ വികസന നയത്തെപ്പറ്റി ബഡ്ജറ്റിലൂടെയും സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് ധവളപത്രത്തിലൂടെയും സൂചിപ്പിച്ചത് വികസനോന്മുഖമായ

കാഴ്ചപ്പാടുള്ള ഒരു സർക്കാരാണ് എൽ.ഡി.എഫ്. സർക്കാരെന്ന് തെളിയിക്കുന്നു. വാർഷിക പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നത്. മുൻസർക്കാർ സൃഷ്ടിച്ച കടക്കെണിയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കുന്നതിനും ജനപക്ഷവികസന അജണ്ട മുന്നോട്ടു കൊണ്ടുപോകുന്നതിനും ഉതകുന്ന ഒരു ബഡ്ജറ്റാണിത്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാവപ്പെട്ട ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. സ്ത്രീകൾക്കുവേണ്ടി പ്രത്യേക വകുപ്പ് ആരംഭിക്കുന്നതും ആദിവാസി ക്ഷേമത്തിനായി പ്രത്യേകം ഫണ്ട് വകയിരുത്തിയതും വയനാട്ടിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ആദിവാസി സ്ത്രീയെ നിയോഗിക്കുന്നതിനായി നാല് കോടി രൂപ വകയിരുത്തിയതും എല്ലാ മണ്ഡലത്തിലും അന്തർദേശീയ നിലവാരമുള്ള സ്കൂളുകൾ

ആരംഭിക്കുന്നതിനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. തെയ്യം-പടയണി കലാകാരന്മാരുടെ പെൻഷൻ 1500 രൂപയായി വർദ്ധിപ്പിച്ച നടപടി പ്രശംസാർഹമാണ്. പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതിനും ഉത്തരമലബാറിലെ ക്ഷേത്രസ്ഥാനീയരുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും പെൻഷൻ തുക 1500 രൂപയായി വർദ്ധിപ്പിക്കുന്നതിനും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കണ്ണൂർ ജില്ലയിൽ പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനും കണ്ണപുരം കലാഗ്രാമത്തിന്റെ പണി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളെ വിലകുറച്ചുകാണിക്കുന്ന കൗശലരേഖയാണ് ഈ ബഡ്ജറ്റ്. പലിശയും ശമ്പളവും പെൻഷനും നൽകുന്നതിനായി കോടിക്കണക്കിന് രൂപ കടമെടുക്കുമെന്ന് പറയുമ്പോഴും പ്രതിവർഷ ബാദ്ധ്യതയെപ്പറ്റിയോ അതിലൂടെ കേരളത്തിനുണ്ടാകുന്ന റവന്യൂ കമ്മിയെപ്പറ്റിയോ ബഡ്ജറ്റിൽ യാതൊന്നും

പറയുന്നില്ല. ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റില്ലാതെ ഭരണഘടനാവിരുദ്ധമായാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്ത് കടമെടുത്ത് റവന്യൂ കമ്മി വർദ്ധിപ്പിച്ചുവെന്ന് ആക്ഷേപിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവർ ഇപ്പോൾ കടമെടുത്ത് ചെലവ് ചെയ്യുന്നതിനെപ്പറ്റി വാനോളം പുകഴ്ത്തുന്നത് തികച്ചും ലജ്ജാകരമാണ്. അശാസ്ത്രീയമായ നികുതി നിർദ്ദേശങ്ങളും കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനയും വിലയാധാരങ്ങളുടെ മുദ്രവില വർദ്ധനയും പിൻവലിക്കാൻ തയ്യാറാകണം. ഷെയർ ട്രാൻസാക്ഷനിലൂടെ കേരളത്തിൽ നടക്കുന്ന വൻകിട ഭൂമി ഇടപാടുകളിന്മേൽ രജിസ്ട്രേഷൻ വകുപ്പിന് നഷ്ടമായിക്കൊണ്ടിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തെപ്പറ്റി ശാസ്ത്രീയ പഠനം നടത്താൻ തയ്യാറാകണം. വെളിച്ചെണ്ണയുടെയും ചരക്കുവാഹനങ്ങളുടെയും നികുതി വർദ്ധിപ്പിക്കുന്നത് വിലക്കയറ്റത്തിനിടയാക്കുമെന്നതിൽ സംശയമില്ല. എൽ.ഡി.എഫ് ഗവൺമെന്റിന്റെ പാർപ്പിട പദ്ധതിയോട് യോജിക്കുന്നില്ല. അധികാരവികേന്ദ്രീകരണം നടപ്പിലാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പണം ചെലവഴിക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ പാവപ്പെട്ടവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ഇത്തരമൊരു ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗക്കാരെയും തൊഴിൽ രഹിതരെയും തൊഴിലുറപ്പ് പദ്ധതിയിലേർപ്പെട്ടിരിക്കുന്നവരെയും മുന്നിൽ കണ്ടുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിന്മേൽ പ്രതിപക്ഷത്തുനിന്നും ആക്ഷേപങ്ങളുന്നയിക്കുന്നത് സ്വാഭാവികമാണ്. ജനോപകാരപ്രദമായ പാക്കേജുകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിൽ കേന്ദ്രത്തിനുള്ള പങ്കിനെക്കുറിച്ച് ബഡ്ജറ്റിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴ വാഗൺ റിപ്പെയർ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും പൂർത്തിയായിട്ടില്ല. മാറിമാറി വരുന്ന കേന്ദ്ര ഗവൺമെന്റുകൾ കേരളത്തോടു കാണിക്കുന്ന അവഗണനയ്ക്കെതിരെ പ്രതികരിക്കാൻ നാം തയ്യാറാകണം. വിലക്കയറ്റം തടയുന്നതിനായി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള തുക വർദ്ധിപ്പിക്കുകയും നെടുമങ്ങാട് മണ്ഡലത്തിന്റെ വികസന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

<u>ശ്രീ. സി. കെ. നാണു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ബഡ്ജറ്റിനെ

കേരളത്തിലെ സാധാരണ ജനങ്ങൾ ആശ്വാസകരമായാണ് കാണുന്നത്. വാഗ്ദാനങ്ങൾ നിറവേറ്റുന്നതിലും സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ധനകാര്യവകുപ്പുമന്ത്രി പ്രശംസനീയമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഖാദി, കൈത്തറി മേഖലകളെ പ്രോത്സാഹിപ്പിച്ച് കൈത്തറിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കടലോര മത്സ്യത്തൊഴിലാളികളുടെ ദയനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനും തെങ്ങ് കയറ്റത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ഡോ. എൻ. ജയരാജ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. വിലക്കയറ്റം തടയുന്നതിനു പകരം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നതിനിടയാക്കുന്ന നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1998-2001 കാലഘട്ടത്തിലാണ് കേരളത്തിൽ ഏറ്റവും വലിയ ധനകാര്യ തകർച്ചയുണ്ടായത്. അന്ന് ഓവർഡ്രാഫ്റ്റ് എടുക്കേണ്ടിവന്ന കാലഘട്ടമായിരുന്നു. തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് അന്നുണ്ടായിരുന്ന ബാദ്ധ്യതകളെല്ലാം ഏറ്റെടുക്കുകയും പല മെഗാ പ്രോജക്ടുകളും ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ടുവരികയും ചെയ്തു. ആ കാലഘട്ടത്തിൽ ഒരു ദിവസം

പോലും ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് 2006-2011 കാലഘട്ടത്തിൽ 179 ദിവസം വേയ്സ് ആന്റ് മീൻസ് അഡ്വാൻസും 61 ദിവസത്തേയ്ക്ക് ഓവർഡ്രാഫ്റ്റും എടുത്തു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ മികച്ച ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി ഒരു ദിവസംപോലും ഓവർ ഡ്രാഫ്റ്റെടുക്കാതെ വൻകിട പദ്ധതികൾ നടപ്പിലാക്കി. കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കിയ എക്കണോമിക് സർവ്വേയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ഏറ്റവും കുറച്ച് ആളുകളുള്ളതും പെർ ക്യാപ്പിറ്റാ കൺസംപ്ഷൻ എക്സ്പെന്റിച്ചറിന്റെ കാര്യത്തിൽ ഒന്നാമതായി നിൽക്കുന്നതുമായ സംസ്ഥാനം കേരളമാണ്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ അത് വലിയൊരു മാറ്റത്തിന് വഴിയൊരുക്കുമെന്ന കാര്യത്തിൽ സംശയമില്ല. കാഞ്ഞിരപ്പള്ളി ബൈപ്പാസിന് പണം അനുവദിച്ചതിന് പ്രത്യേക നന്ദി അറിയിക്കുന്നു.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി മറൈൻ ഫിഷിംഗ് ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ കൊണ്ടുവരുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ

ഇടപെടലുണ്ടാകണം. വിദ്യാഭ്യാസ മേഖലയിലെ മാറ്റം സ്വാഗതാർഹമാണ്. താനൂർ നിയോജകമണ്ഡലത്തിൽ 1500 ഓളം ഭൂരഹിതരാണുള്ളത്. രാഷ്ട്രീയ വിവേചനം കൂടാതെ എല്ലാവർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ സർക്കാരിന്റെ പുതിയ ഭവനനിർമ്മാണ പദ്ധതിക്ക് കഴിയും. വിദേശ മലയാളികളെ സ്റ്റേറ്റ് ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള ശക്തമായ ഇടപെടലുണ്ടാകണം. പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കുമ്പോൾ തൊഴിലധിഷ്ഠിതമായ കാര്യങ്ങൾ ഉൾപ്പെടുത്താനുള്ള നിർദ്ദേശമുണ്ടാകണം. ക്ഷേമ പെൻഷനുകൾ, ആരോഗ്യ ഇൻഷ്വറൻസ്, പാർപ്പിടം, ഭക്ഷ്യസുരക്ഷ തുടങ്ങി എല്ലാ മേഖലകളിലേയും ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റിൽ താനൂർ മണ്ഡലത്തിന് ആവശ്യമായ തുക വകയിരുത്തണം.

<u>ശ്രീ. കെ. ബാബു</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സ്ത്രീകൾക്ക് പ്രത്യേക വകുപ്പ് ആരംഭിക്കുന്നതും 60 കഴിഞ്ഞ ട്രാൻസ് ജെൻഡേഴ്സിന് പെൻഷൻ അനുവദിക്കുന്നതും ചരിത്രത്തിൽ ഇടംനേടുന്ന ഒന്നാണ്. ജനക്ഷേമകരമായ പദ്ധതികളാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ പിടിപ്പുകേടുമൂലം 2016 മാർച്ച് മാസം വരെ 13019 കോടി രൂപയാണ് നികുതിയിനത്തിൽ

പിരിച്ചെടുക്കാനുണ്ടായിരുന്നത്. അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത ശക്തമായ നിലപാടെടുക്കാൻ ഗവൺമെന്റിന് കഴിയണം. 30 വർഷത്തിലൊരിക്കൽ പുതുക്കേണ്ട പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനും ബ്രിട്ടീഷുകാർ പണിത ഓട്ടറപ്പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനും ഗവൺമെന്റ് - എയ്ഡഡ് കോളേജുകളില്ലാത്ത നെൻമാറ മണ്ഡലത്തിൽ ഒരു കോളേജ് അനുവദിക്കാനും നടപടി സ്വീകരിക്കണം. ഏഷ്യയിലെ മാംഗോ സിറ്റിയെന്ന് അറിയപ്പെടുന്ന മുതലമട ഉൾപ്പെടെയുള്ള പ്രദേശത്ത് പഴം-പച്ചക്കറി സംഭരണ സംസ്കരണ ഫാക്ടറിയും വിപണന രംഗത്ത് ഒരു ഹബ്ബും ടൂറിസത്തിന് ഏറെ സാധ്യതയുള്ള പറമ്പിക്കുളം, നെല്ലിയാമ്പതി, ചുള്ളിയാർ, മീൻകര പ്രദേശത്ത് ടൂറിസം പാക്കേജും അനുവദിക്കുന്നതിന് നടപടിയുണ്ടാകണം.

ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ : ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യബോധമില്ലാത്ത, വസ്തുതകൾക്ക് നിരക്കാത്ത ഒരു സ്വപ്ന ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള നിർദ്ദേശങ്ങളെക്കുറിച്ചോ അവ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ചോ ബഡ്ജറ്റിൽ വ്യക്തമായി പരാമർശിച്ചിട്ടില്ല. കേരളത്തിൽ സാമ്പത്തിക മാന്ദ്യമുണ്ട് എന്ന് പരാമർശിച്ചിരിക്കുന്ന സാഹചര്യത്തിൽ സ്വകാര്യ

സംരംഭകർ നിക്ഷേപം നടത്താൻ വിമുഖത കാണിക്കും. അനാവശ്യ ചെലവുകൾ ചുരുക്കുന്നതിനോ ധൂർത്തുകൾ അവസാനിപ്പിക്കുന്നതിനോ ഉതകുന്ന നിർദ്ദേശങ്ങളൊന്നുമില്ല. രണ്ട് ശമ്പളപരിഷ്കരണങ്ങളുടെ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുന്നതിന് കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി സർക്കാരിന് സാധിച്ചിട്ടുണ്ട്. 23,000 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഗൾഫ് രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്നവർക്കായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. അവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിൽ തൃശ്ശൂർ മുതൽ കോഴിക്കോട് വരെയുള്ള ഭാഗങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് വളാഞ്ചേരി പ്രദേശത്ത് റിംഗ് റോഡ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മൂന്നാറിലെ ആദിവാസികളുടെയും തോട്ടം തൊഴിലാളികളുടെയും ജീവിതനിലവാരം വളരെ പരിതാപകരമാണ്. ദേവികുളം മണ്ഡലത്തിലെ ഒ.ബി.സി./എസ്.സി. വിഭാഗങ്ങൾക്ക് ജാതിസർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ആനുകൂല്യങ്ങൾ യഥാസമയം

ലഭിക്കുന്നില്ല. കസ്തൂരിരംഗൻ/ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭൂമി ലഭ്യമായിട്ടുണ്ടെങ്കിലും വീടുവയ്ക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് 3,400 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. മൃഗങ്ങളുടെ ആക്രമണം, പ്രകൃതിക്ഷോഭം എന്നിവമൂലം കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ് പ്ലാത്തോട്ടം : ഭേദപ്പെട്ട ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നാടാർ-മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക 1000 രൂപയാക്കി വർദ്ധിപ്പിക്കാനും വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവർ അഭിമുഖീകരിക്കുന്ന ജപ്തി നടപടികൾ നിർത്തിവയ്പ്പിക്കാനും നടപടി സ്വീകരിക്കണം. ഭാഗഉടമ്പടിക്ക് 3 ശതമാനം ടാക്സ് ഏർപ്പെടുത്തിയത് പിൻവലിക്കണം. കേരള യൂണിവേഴ്സിറ്റിയിൽ വൈകുണ്ഠ സ്വാമികൾക്ക് ചെയർ സ്ഥാപിക്കുന്നതിനും അയ്യൻകാളി സാംസ്കാരിക സമുച്ചയത്തിന് കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എൻ. വിജയൻപിള്ള : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകൾക്കും പ്രാധാന്യം കൽപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്.

ഭൂമിയില്ലാത്തവർക്ക് മൂന്നു സെന്റ് ഭൂമി, വീടില്ലാത്തവർക്ക് വീട് നിർമ്മിക്കാനും വീടുപണി പൂർത്തിയാക്കാനും ഫണ്ട്, ക്ഷേമ പെൻഷനുകളുടെ തുകവർദ്ധിപ്പിക്കൽ തുടങ്ങിയവ സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന പദ്ധതികളാണ്. വൻകിട പദ്ധതികൾ മുടക്കം കൂടാതെ പൂർത്തീകരിക്കുന്നതും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ വരുത്തുന്ന ഗുണപരമായ മാറ്റങ്ങളും സമൂഹമാകെ പ്രതിഫലിക്കും എന്ന കാര്യത്തിൽ സംശയമില്ല. സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള 20,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് സ്വാഗതാർഹമാണ്. ചവറ ടൈറ്റാനിയം കമ്പനിയെ ലാഭകരമാക്കാനും കമ്പനിയുടെ മലിനീകരണംമൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാനും നടപടി സ്വീകരിക്കണം. നീണ്ടകര താലൂക്കാശുപത്രിയുടെ വികസനത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കണം.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾക്കും രാഷ്ട്രീയ സമീപനങ്ങൾക്കും മുൻഗണന നൽകിയ ബഡ്ജറ്റാണിത്. സർവ്വമേഖലകളിലും പ്രതീക്ഷ നൽകുന്നതും സുസ്ഥിര വികസനത്തിന് ഊന്നൽ നൽകുന്നതുമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. എല്ലാവർക്കും വീട്, വൈദ്യുതി എല്ലാ വീട്ടിലും കക്കൂസ് എന്ന പ്രസ്താവന കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്നതാണ്.

ഭൂരഹിതർക്ക് മൂന്നു സെന്റ് ഭൂമി നൽകുമെന്നും പൊതു ആരോഗ്യ സംവിധാനത്തിന് ഊന്നൽ നൽകിക്കൊണ്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുമെന്നുമുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. മണ്ണ്, ജല സംരക്ഷണ ജോലികൾ, സാമൂഹ്യ വനവൽക്കരണം, വൃക്ഷത്തൈ ഉൽപ്പാദനം എന്നിവ തൊഴിലുറപ്പിന്റെ ഭാഗമാക്കുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ഗൾഫ് പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന് പ്രത്യാശിക്കാം. പൊതു വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകൾ അനുവദിക്കുന്നത് പ്രശംസനീയമാണ്..

ശ്രീ. വി. റ്റി. ബൽറാം : ബഡ്ജറ്റിനെ എതിർക്കുന്നു. സഭയിൽ അവതരിപ്പിച്ച ധവളപത്രത്തിന്റെ പകർപ്പാണ് ബഡ്ജറ്റ്. കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ കുറ്റപത്രമാണ് ഈ ധവളപത്രം. ജി.എസ്.ഡി.പി.യെക്കുറിച്ച് ധവളപത്രത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ഒരു പാരലൽ ട്രഷറിയായി രൂപാന്തരപ്പെട്ട് സർക്കാരിനെ ടേക്ക്ഓവർ ചെയ്യുന്ന സ്ഥിതി സംജാതമാകും. ചുരുക്കത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റുകളിലെ എല്ലാ പദ്ധതികളും

കിഫ്ബിയുടെ കീഴിലായിരിക്കും വരാൻ പോകുന്നത്. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് നിർണ്ണായക പങ്ക് വഹിക്കുന്ന പ്രവാസികളെ ഈ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുകയാണ്. സ്ത്രീ സുരക്ഷയെക്കുറിച്ചോ സ്റ്റാർട്ട് അപ് പദ്ധതികളെക്കുറിച്ചോ ബഡ്ജറ്റിൽ പരമാർശിച്ചിട്ടില്ല. 50 വയസ്സ് കഴിഞ്ഞ ട്രാൻസ് ജെൻഡേഴ്സിന് പെൻഷൻ അനുവദിക്കുന്നതിനും അവരുടെ സുരക്ഷിതത്വവും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 1957 മുതൽ ഇടതുപക്ഷ ഗവൺമെന്റുകൾ നടപ്പാക്കിയ കേരള മോഡൽ വികസനത്തിന്റെ പിന്തുടർച്ചയാണ് ഈ ബഡ്ജറ്റ്. 2001-2005-ൽ 3.45 ശതമാനം ആയിരുന്ന റവന്യൂ കമ്മി എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 1.86 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 20 ശതമാനം നികുതി വർദ്ധനവ് നടപ്പാക്കിയിട്ടും നികുതി വരുമാനം കുറഞ്ഞതിന്റെ കാരണം പരിശോധിക്കണം. വികസന രംഗത്ത് വൻതോതിലുള്ള മൂലധന നിക്ഷേപത്തിന് ഊന്നൽ നൽകിയിരിക്കുന്നത് പ്രശംസനീയമാണ്. നാടിന്റെ ആസ്തി വികസനവും പുരോഗതിയും ലക്ഷ്യമിട്ടാണ് റോഡുകൾ, പാലങ്ങൾ, ബൈപ്പാസുകൾ എന്നിവയ്ക്കായി 5000 കോടി രൂപ വകയിരുത്തിയിരിക്കുന്നത്. സമഗ്ര ആരോഗ്യ

സുരക്ഷയടക്കമുള്ള കാര്യങ്ങൾക്കായി ആയിരം കോടി രൂപ മാറ്റിവച്ചതും കാരുണ്യ ചികിത്സാഫണ്ട് അവകാശമാക്കി മാറ്റിയതും ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സെന്ററുകളാക്കി മാറ്റിയതും ജനങ്ങൾക്ക് വലിയ പ്രതീക്ഷ നൽകുന്നു. ഓട്ടുപാത്ര നിർമ്മാണ വ്യവസായത്തിന് പേരുകേട്ട മാന്നാറിനെ പൈതൃക ഗ്രാമമായി അംഗീകരിച്ച നടപടി സ്വാഗതം ചെയ്യുന്നു. ചെങ്ങന്നൂരിൽ സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്നതോടൊപ്പം വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതികൾ കൊണ്ടുവരണം. സമഗ്ര ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനും ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കടക്കെണിയിൽപ്പെട്ട് തകർന്ന കേരളത്തിന് നവജീവൻ നൽകാനാണ് ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. ഇവിടെ കൊണ്ടുവന്ന ചരിത്ര രേഖയായ ധവളപത്രം സംസ്ഥാനത്തെ എല്ലാ പ്രധാന ലൈബ്രറികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ ഇന്നത്തെ കുത്തഴിഞ്ഞ സാമ്പത്തിക വ്യവസ്ഥിതിക്ക് മാറ്റം വരുത്തുമെന്ന ധനമന്ത്രിയുടെ ഉറപ്പ് പ്രതീക്ഷ നൽകുന്നതാണ്. നെൽവയൽ -നീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ മണ്ണും ജലവും

കൊള്ളയടിക്കാനുള്ള നീക്കം തടസ്സപ്പെട്ടിരിക്കുന്നു. സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിന് 49 കോടി രൂപ അനുവദിച്ചുകൊണ്ടുള്ള പുതിയ നിർദ്ദേശം സ്വാഗതാർഹമാണ്. എല്ലാ പദ്ധതികളിലും 10% സ്ത്രീകൾക്കുള്ള വിഹിതമെന്ന പ്രഖ്യാപനം വിപ്ലവകരമാണ്. സ്ത്രീ ക്ഷേമത്തിന് പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനായി 91 കോടി രൂപ നീക്കിവച്ചതും കുടുംബശ്രീക്ക് 200 കോടി രൂപ അനുവദിച്ചതും സ്വാഗതാർഹമാണ്. ബഡ്ജറ്റിലെ 'എല്ലാവർക്കും വീട്' എന്ന പദ്ധതി ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നു. മൾട്ടി നാഷണൽ ഫുഡ് ബ്രാൻഡുകൾക്ക് കൊഴുപ്പ് ടാക്സ് ഏർപ്പെടുത്തിയത് ശ്ലാഘനീയമാണ്. ചികിത്സയ്ക്ക് അമിത ചാർജ് ഈടാക്കുന്ന സ്വകാര്യ ആശുപത്രികൾക്ക് ടാക്സ് ഏർപ്പെടുത്തണം. സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി 1000 കോടി രൂപ മാറ്റിവച്ചത് ഗവൺമെന്റിന്റെ യാഥാർത്ഥ്യബോധം വ്യക്തമാക്കുന്നു.

ഡോ. എം. കെ. മുനീർ: ബഡ്ജറ്റിനെ എതിർക്കുന്നു. റോഡ് ഫണ്ട് ബോർഡിലുള്ള എല്ലാ പ്രമുഖരും ഫിനാൻഷ്യൽ എക്സ്പെർട്ട്സ് ആയിരിക്കണമെന്നും വെഹിക്കിൾ ടാക്സിന്റെ 10 ശതമാനം റോഡ് ഫണ്ട് ബോർഡിന് നൽകണമെന്നുമാണ് വ്യവസ്ഥ. ഫിനാൻഷ്യൽ എക്സ്പെർട്ട്സോടുകൂടി കിഫ്ബി രൂപീകരിക്കുകയാണെങ്കിൽ റോഡ് ഫണ്ട് ബോർഡ് പിരിച്ചു വിടുമെന്നാണ്

മനസ്സിലാക്കുന്നത്. പെൻഷൻ ഏകീകരണത്തിന്റെ പേരിൽ വർദ്ധിപ്പിച്ച പെൻഷൻ തുകയിൽ കുറവ് വരുത്തരുതെന്നും അങ്കണവാടി ടീച്ചർമാർക്ക് നിലവിൽ ലഭിക്കുന്ന പെൻഷൻ പിൻവലിക്കരുതെന്നും അഭ്യർത്ഥിക്കുന്നു. പെൻഷൻകാരുടെ എണ്ണം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 12 ലക്ഷമായിരുന്നത് യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 34 ലക്ഷമായി വർദ്ധിച്ചിരുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന് പൊതുവെയും കൊല്ലം ജില്ലയ്ക്ക് പ്രത്യേകിച്ചും നാളിതുവരെയില്ലാത്ത വികസന നേട്ടമാണ് ഈ ബഡ്ജറ്റിലുള്ളത്. കശുവണ്ടി മേഖല തകർച്ച നേരിടുകയാണ്. കേന്ദ്ര ഗവൺമെന്റ് തോട്ടണ്ടി ഇറക്കുമതിയിലേർപ്പെടുത്തിയ ടാക്സ് വർദ്ധനവിൽ സംസ്ഥാന ഗവൺമെന്റ് ഇടപെടണം. മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കശുവണ്ടി തൊഴിലാളികൾക്ക് ജോലി നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 14 മഹാരഥൻമാരുടെ പേരിൽ സാംസ്കാരിക നവോത്ഥാന സമുച്ചയങ്ങൾ സ്ഥാപിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ആ മേഖലയിൽ ഇത്തരം സമുച്ചയങ്ങളുടെ നിർമ്മാണ ചുമതല വൈദഗ്ധ്യമുള്ള സംഘടനകളെയോ

വ്യക്തികളെയോ ഏൽപ്പിക്കണം. സാംസ്കാരിക സ്ഥാപനങ്ങളുടെയും ലൈബ്രറികളുടെയും ഗ്രാന്റ് 50 ശതമാനം വർദ്ധിപ്പിച്ചതും 'എ' ഗ്രേഡ് ഗ്രന്ഥശാലകളെ ആധുനികവത്ക്കരിക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയതും കലാകാരൻമാരുടെ പെൻഷൻ തുക വർദ്ധിപ്പിച്ചതും സ്വാതന്ത്ര്യ സമര സേനാനികൾക്ക് ലഭിക്കേണ്ട ഡി.എ. കുടിശ്ശികയുൾപ്പെടെ അനുവദിച്ചതും അഭിനന്ദനാർഹമാണ്. ഭരത് പി. ജെ. ആന്റണിയുടെ ഭാര്യക്ക് നൽകിക്കൊണ്ടിരിക്കുന്ന പെൻഷൻ തുക വർദ്ധിപ്പിക്കാനും റ്റി. കെ. രാമകൃഷ്ണൻ കൾച്ചറൽ സെന്ററിനുവേണ്ടി ബഡ്ജറ്റിൽ തുക അനുവദിക്കാനും ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ഒരു കൾച്ചറൽ സെന്റർ സ്ഥാപിക്കാനും ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യമാകാൻ സാധ്യതയില്ലാത്ത പദ്ധതികളും ധനാഗമ മാർഗ്ഗങ്ങളും ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആരോഗ്യ വകുപ്പൊഴികെ മറ്റ് വകുപ്പുകളിലൊന്നും രണ്ട് വർഷത്തേക്ക്

തസ്തിക സൃഷ്ടിക്കുകയില്ലെന്ന പ്രഖ്യാപനത്തിലൂടെ യുവജനവിരുദ്ധ നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ട്, മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതി, പുതിയ സർക്കാർ കോളേജുകളും ഹയർ സെക്കണ്ടറി സ്കൂളുകളും ആരംഭിക്കൽ, ക്ഷേമ പെൻഷനുകളുടെ വർദ്ധനവ് തുടങ്ങി മുൻ സർക്കാരിന്റെ ഭരണനേട്ടങ്ങളെക്കുറിച്ചൊന്നും ബഡ്ജറ്റിൽ പരാമർശിക്കാത്തത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. വികസനരംഗത്തും സാമൂഹ്യക്ഷേമ രംഗത്തും മുൻസർക്കാരിന്റെ ഭരണ നേട്ടങ്ങളുടെ തുടർച്ചയായിട്ടല്ലാതെ പുതുതായി ഒരു പദ്ധതിയും കൊണ്ടുവരാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. മുൻസർക്കാരിന്റെ നയങ്ങൾ തെറ്റാണെന്ന് പറയുകയും മോഹനവാഗ്ദാനങ്ങൾ നൽകി അതേ നയങ്ങൾ തന്നെ പ്രഖ്യാപിക്കുകയും ചെയ്യുന്ന ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളോട് ഒരു തരത്തിലും യോജിക്കാനാവില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു.

യാഥാർത്ഥ്യ ബോധത്തിൽ അധിഷ്ഠിതമായ ബഡ്ജറ്റും കഴിഞ്ഞ ഗവൺമെന്റിന്റെ കെടുകാര്യസ്ഥത സൂചിപ്പിക്കുന്ന ധവളപത്രവുമാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. പ്രായോഗികമായ നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. നൂതന ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച് കുടിശ്ശിക വിതരണം ചെയ്യുന്നതിനും സർക്കാർ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്. വിദ്യാഭ്യാസ-പൊതുജനാരോഗ്യ രംഗങ്ങളിൽ സർക്കാർ കൈവരിച്ച നേട്ടങ്ങൾ സ്തുത്യർഹമാണ്. സർക്കാർ-എയ്ഡഡ് സ്കൂളുകളുടെ നിലവാരമുയർത്തുന്നതിന് സ്വീകരിച്ച നിലപാട് അഭിമാനാർഹമാണ്. കുരുമുളക്, റബ്ബർ തുടങ്ങിയ നാണ്യ വിളകളുടെ സംരക്ഷണത്തിന് സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തണം. തൊഴിൽരംഗത്തുനിന്നും വിരമിച്ചവർക്ക് ആരോഗ്യ പരിരക്ഷയും കൃത്യമായ വരുമാനവും ഉറപ്പുവരുത്തണം. വയോജനങ്ങളുടെ പരിരക്ഷയ്ക്കായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ കെയർഹോമുകൾ

നിർമ്മിക്കണം. ഏറ്റുമാനൂർ നിയോജകമണ്ഡലത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുത്ത ഈ സർക്കാരിനെ മുക്തകണ്ഠം പ്രശംസിക്കുന്നു.

( സഭ ഉച്ചയ്ക്കുശേഷം 2.11-ന് പിരിഞ്ഞു)